**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 874** **14-01-2021 - ൽ മറുപടിയ്ക്ക്**

**മുത്തപ്പൻപുഴ-ജോയിന്റ് വെരിഫിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോർജ് എം .തോമസ് | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | തിരുവമ്പാടി മുത്തപ്പൻപുഴയിലെ കർഷകരുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി വനം, റവന്യൂ വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്തപരിശോധന നടത്തണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ സംയുക്തപരിശോധന നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) | നോർത്തേൺ സർക്കിൾ കണ്ണൂരിന് കീഴിലെ കോഴിക്കോട് ഡിവിഷനിൽ താമരശ്ശേരി റേയ്ഞ്ചിലെ എടത്തറ സെക്ഷനിലെ മുത്തപ്പൻപ്പുഴ ഭാഗത്ത് സർവ്വേ നമ്പർ 163 പാർട്ടിൽ ഉൾപ്പെടുന്ന വനഭൂമിയിൽ കയ്യേറ്റങ്ങൾ ഉണ്ട്. നിരവധി തവണ അതിർത്തി പുനർനിർണ്ണയിച്ച് ജണ്ട കെട്ടാൻ ശ്രമിച്ചെങ്കിലും പ്രാദേശികമായ എതിർപ്പ് കാരണം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ സാധിച്ചിട്ടില്ല. രാഷ്ട്രീയ കക്ഷികളുടെയും മറ്റ സംഘടനകളുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ 04.08 .2017-ന് ഒരു യോഗം ചേരുകയും തർക്കമില്ലാത്ത സ്ഥലത്ത് ജണ്ട നിർമ്മാണം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇതിനു ശേഷവും പ്രധിഷേധങ്ങൾ ഉയർന്നു വന്ന സാഹചര്യത്തിൽ മേൽ പ്രദേശത്ത് സംയുക്തപരിശോധന നടത്തിയ ശേഷം തുടർനടപടികൾ സ്വീകരിച്ചാൽ മതിയെന്ന് തീരുമാനിക്കുകയുണ്ടായി. 21.03.2018 ന് വനം വകുപ്പ് മന്ത്രിയും റവന്യ വകുപ്പ് മന്ത്രിയും പങ്കെടുത്ത കൂരാച്ചുണ്ട് കാന്തലാട് വില്ലേജുകളുടെ ഭൂനിക്തി പ്രശ്നം സംബന്ധിച്ച യോഗത്തിൽ പുതിയ സംയുക്ത പരിശോധനയ്ക്കായി ജനപ്രതിനിധികളും മലയോര കർഷക ആക്ഷൻ കമ്മിറ്റിയുടെ പ്രതിനിധികളും ആവശ്യപ്പെട്ടെങ്കിലും പുതിയൊരു സംയുക്ത പരിശോധന നടത്താൻ കഴിയുകയില്ല എന്നാണ് ടി യോഗത്തിൽ തീരുമാനിച്ചിട്ടുള്ളത്. കൂടാതെ, ബഹു.ഹൈക്കോടതി ഡബ്ല്യു പി. (സി.) നം.4501/2018-ൽ 08.11.2018-ന് പുറപ്പെടുവിച്ച വിധിന്യായപ്രകാരവും, ആയതിന്മേൽ നൽകിയ റിട്ട് അപ്പിൽ നം. 694/2019 പ്രകാരവും 01.01.1977-ന് |

| | | | |
|---|---|---|---|
| | | | മുൻപുള്ള കയ്യേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള സംയുക്ത പരിശോധന വെസ്റ്റഡ് ഫോറസ്റ്റിലും,ഇ.എഫ്.എൽ-ലും നടത്തുന്നതിന് സാധിക്കില്ല. ആയതിനാൽ, വെസ്റ്റഡ് ഫോറസ്റ്റ് ആയ മുത്തപ്പൻപ്പുഴ ഭാഗത്ത് പുതിയതായി സംയുക്ത പരിശോധന നടത്തണമെന്ന ആവശ്യം പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ